## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ : *785 — 09.11.2016 ൽ മറുപടിയ്ക്ക്

### വിനോദസഞ്ചാര വിപണനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. എൻ. ഷംസീർ<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.എം. സ്വരാജ്<br>ശ്രീ. കെ.ജെ. മാക്സി : | ശ്രീ.എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| [എ] | വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിക്കടിയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് ടൂറിസം ഗാർഡുകളെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | [എ] | ടൂറിസം സെന്ററുകളിൽ അപകട സാദ്ധ്യതയുള്ള മേഖലകളെ കുറിച്ചും സാഹചര്യങ്ങളെ കുറിച്ചുമുള്ള ബോധവത്കരണത്തിനുമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിലും വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രത്യേക പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാന ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി ലൈഫ് ഗാർഡുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. അതു കൂടാതെ അപകട സാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും ഇത്തരം സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിന്റെ ബ്രോഷറുകളിലും മറ്റ് ആശയ വിനിമയ മാധ്യമങ്ങളിലൂടെയും ടൂറിസം ഫെസിലിറ്റേഷൻ സെന്ററുകൾ മുഖാന്തിരവും ഇത് സംബന്ധിച്ച വിവരങ്ങൾ ടൂറിസ്റ്റുകൾക്ക് നൽകുന്നുണ്ട്. |
| (ബി) | കായലുകളും ജലാശയങ്ങളും വെള്ളച്ചാട്ടവും ആസ്വദിക്കുന്നതിനോടൊപ്പം സുരക്ഷിതത്വം ഉറപ്പാക്കേണ്ടതും വിനോദസഞ്ചാര വിക | (ബി) | കേരളത്തിലെ പ്രമുഖ കടലോര / കായലോര വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന സഞ്ചാരികളുടെ |

| | | | |
|---|---|---|---|
| | സനത്തിന് അനിവാര്യമായതിനാൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | | സുരക്ഷയ്ക്കായി ടൂറിസം വകുപ്പ് ഉയർന്ന പരിഗണന നൽകുന്നുണ്ട്. പ്രധാന കടലോര മേഖലകളിലെല്ലാം തന്നെ പരിശീലനം നേടിയ ജീവൻ രക്ഷാ പ്രവർത്തകരെ (Life Guards) നിയോഗിച്ചിട്ടുണ്ട്. ആവശ്യകത കണക്കിലെടുത്ത് കൂടുതൽ ലൈഫ് ഗാർഡുകളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. നിലവിലുള്ള ലൈഫ് ഗാർഡുകൾക്ക് മെച്ചപ്പെട്ട പരിശീലനവും ആധുനിക ജീവൻ രക്ഷാ ഉപകരണങ്ങളും നൽകി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാനുള്ള സാഹചര്യം ഒരുക്കി വരുന്നു. ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദസഞ്ചാരികൾക്ക് ലൈഫ് ജാക്കറ്റ് പോലുള്ള സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുകയും അവ ധരിക്കുന്നതിനുള്ള കർശന നിർദ്ദേശവും നൽകുന്നുണ്ട്. കൂടാതെ ആലപ്പുഴയിൽ ഹൗസ് ബോട്ട് ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ഇപ്പോൾ അന്തിമഘട്ടത്തിലാണ്. |
| (സി) | വിനോദസഞ്ചാര വിപണനത്തിനുള്ള ഏറ്റവും നല്ല ഉപാധി ഇവിടെയെത്തുന്ന വിനോദ സഞ്ചാരികൾക്ക് മികച്ച സേവനവും മാന്യമായ പെരുമാറ്റവും ലഭിക്കുന്നതും വിനോദസഞ്ചാര കേന്ദ്രങ്ങൾ ശുചിയായി പരിപാലിക്കുന്നതും ഗതാഗത സൗകര്യങ്ങൾ ഒരുക്കുന്നതുമായതിനാൽ പ്രസ്തുത പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നതിന് നടപടിയെടുക്കുമോ? | (സി) | കേരളത്തിലെത്തിച്ചേരുന്ന വിനോദ സഞ്ചാരികൾക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിലേക്കായി വിനോദ സഞ്ചാര കേന്ദ്രങ്ങളെകുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിനും ബോധവൽക്കരണത്തിനുമായി ടൂറിസം വകുപ്പിന് കീഴിൽ ടൂറിസം ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഉത്തരവാദിത്ത ടൂറിസം പദ്ധതിയിലൂടെയും പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തത്തിലൂടെയും, ജീവനക്കാർ, സന്നദ്ധ |

പ്രവർത്തകർ എന്നിവർക്ക് കൃത്യമായ പരിശീലനം നൽകുന്നതിലൂടെയും, വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് മാന്യമായ പെരുമാറ്റം, കൂടുതൽ പ്രൊഫഷണൽ സമീപനം എന്നിവ നൽകുവാൻ ടൂറിസം വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങളുടെ ചുമതല പ്രധാനമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണെങ്കിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പു വരുത്തുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖാന്തിരം കുടുംബശ്രീയുമായി സഹകരിച്ച് 'ക്ലീൻ ഡെസ്റ്റിനേഷൻ കാംപയിൻ' എന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. കൂടാതെ കോവളം, മൂന്നാർ, കുമ്പളങ്ങി പഞ്ചായത്ത് , വർക്കല മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ വിവിധ NGO കളുമായി സഹകരിച്ച് മാലിന്യനിയന്ത്രണ പദ്ധതികളും വകുപ്പ് ഏറ്റെടുത്ത് വരുന്നു. ആലപ്പുഴ, കുമരകം എന്നിവിടങ്ങളിൽ ഹൗസ് ബോട്ടുകളിൽ നിന്നുള്ള ദ്രവ മാലിന്യം സംസ്കരിക്കുന്നതിന് 'Sewage Treatment Plant' കൾ സ്ഥാപിച്ചിട്ടുണ്ട്. 'ഗ്രീൻ കാർപെറ്റ്' എന്ന പുതിയ പദ്ധതിയിൽ ഇക്കാര്യങ്ങൾക്കെല്ലാം വകുപ്പ് കൂടുതൽ പരിഗണന നൽകിയിട്ടുണ്ട്. ടൂറിസം ഡെസ്റ്റിനേഷനുകളിലെ ഗതാഗത സൗകര്യങ്ങൾ ഉറപ്പു വരുത്തേണ്ടതിന് ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണം ലഭ്യമാക്കുന്നതിന് ടൂറിസം വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ